LIBRARY ARCHIVES Kerala Legislative Assembly

ജോലി സംവരണം

9 [1480] ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 10-ാം ക്ളാസ്സ് തോറ്റവരും പ്രായപരിധി കഴിയാറായവരുമായ ലാസ്റ്റ് ഗ്രേഡ് അപേക്ഷകർക്ക് 25% ജോലി (ലാസ്റ്റ് ഗ്രേഡ്) സംവരണം ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) നിലവിലുള്ള ഉദ്യോഗ സംവരണ തത്വങ്ങളിൽ മാറ്റം വരുത്താനുള്ള നിർദ്ദേശങ്ങളൊന്നും സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

മലയാളം മീഡിയം പഠിച്ച കുട്ടികൾക്ക് സർക്കാർ സർവ്വീസിൽ 5% ജോലി സംവരണം

10 [1481] ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നാം ക്ളാസ്സ് മുതൽ മലയാളം മീഡിയം പഠിച്ച കുട്ടികൾക്ക് സർക്കാർ സർവ്വീസിൽ 5% ജോലി സംവരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ബി) 1999-ൽ നിലവിൽവന്ന ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് ലിസ്റ്റിൽനിന്നും 10-ാം ക്ളാസ് തോറ്റ എത്രപേർക്ക് ജോലി കിട്ടിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) നിലവിലുള്ള ഉദ്യോഗ സംവരണ തത്വങ്ങളിൽ മാറ്റം വരുത്താനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ഇതുസംബന്ധിച്ച് കൃത്യമായ കണക്കുകൾ ലഭ്യമല്ല.

കൗൺസിലിംഗ് സെന്ററിന്റെ പ്രവർത്തനം

11 [1482] ശ്രീമതി മാലേത്ത് സരളാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് സമുച്ചയത്തിലുള്ള കൗൺസിലിംഗ് സെന്റർ പ്രവർത്തനം ആരംഭിച്ചത് എന്നാണ്;

(ബി) ഇതിന്റെ ഗുണഭോക്താക്കൾ ആരെല്ലാമാണ്;